DESPATCHED
...21/03/22...

14/3/22

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2615*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16064**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുനീർമോൻ ബി.,
തെക്കേടെത്തു തറയിൽ,
ദേശതിനകം, പെരിങ്ങാല പി.ഒ.,
കായംകുളം.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
വൈസ് പ്രിൻസിപ്പൽ,
എം.എസ്.എം.കോളേജ്, കായംകുളം.

2. അപ്പീൽ അധികാരി&
പ്രിൻസിപ്പൽ,
എം.എസ്.എം.കോളേജ്, കായംകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26.05.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 16.10.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.10.2014 |
| ഹിയറിംഗ് നടന്ന തീയതി | 08.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായില്ല |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സുനീർമോൻ ബി., 16.10.2014ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസംതന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2615(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ 26.8.14ൽ കായംകുളം എം.എസ്.എം. കോളേജിൽ വിവരാവകാശ നിയമപ്രകാരം അഡ്മിഷൻ സംബന്ധമായ ചില രേഖകൾ പരിശോധിക്കുവാൻ സമയം അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ടി രേഖകൾ പരിശോധിക്കാൻ സാധിക്കില്ല എന്ന മറുപടിയാണ് നൽകിയതെന്നും ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീലിന് യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ പരിശോധിക്കുവാനുള്ള സമയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 26.05.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടി അദ്ധ്യയന വർഷം എം.എസ്.എം.കോളേജിൽ നടന്ന അഡ്മിഷന്റേയും അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ ഒടുക്കിയ ഫീസുകളുടെയും രസീത് ബുക്കുകളുടെയും സ്പോട്ട് അഡ്മിഷനിൽ പ്രവേശനം നേടിയവരുടെ രേഖകളും പരിശോധിക്കാൻ സമയം അനുവദിക്കണമെന്നാണ്. ആയതിന് 03.09.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന വിഷയം ജീവനെയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന കാര്യമല്ലാത്തതിനാൽ രേഖകൾ പരിശോധിക്കുവാൻ അനുവദനീയമല്ല എന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 21.11.2014ന് രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കേരള സർവ്വകലാശാലയുടെ 2014-15 ഡിഗ്രി ഓൺലൈൻ അഡ്മിഷനെ തുടർന്ന് ഒഴിവു വന്ന സീറ്റുകളിലേയ്ക്ക് അഡ്മി

ഷൻ നടത്തുന്നതിലേക്കാണ് യൂണിവേഴ്സിറ്റി സ്പോട്ട് അഡ്മിഷൻ നിശ്ച യിച്ചതെന്നും സർവ്വകലാശാല നിർദ്ദേശപ്രകാരം സ്പോട്ട് അഡ്മിഷനുള്ള അപേക്ഷകൾ 14.08.2014ന് രാവിലെ 10 മണിമുതൽ വൈകിട്ട് 5 മണിവരെ സ്വീകരിക്കുകയും തുടർന്ന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ 18.08.2014ൽ എല്ലാ വിഭാഗം കോഴ്സുകളിലേ യ്ക്കുമുള്ള റാങ്ക് ലിസ്റ്റ് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കു കയും 20.08.2014ൽ ടി റാങ്ക് ലിസ്റ്റിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷന് ഹാജരായവരിൽ നിന്നും മുൻഗണനാക്രമത്തിൽ അഡ്മിഷൻ നടത്തിയിട്ടുള്ളതും അതിനു ശേഷം 28.08.2014 വരെയുണ്ടായ ഒഴിവുകളും ടി റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ ടി മാനദണ്ഡത്തിൽ അഡ്മിഷൻ നടത്തുന്ന തെന്നുമാണ്. ടി സ്പോട്ട് അഡ്മിഷനുകൾ നടത്തിയത് കേരളാ യൂണിവേ ഴ്സിറ്റിയുടെ നടപടിക്രമങ്ങൾ നിർദ്ദേശിച്ചതനുസരിച്ചാണെന്നും ടി റാങ്ക് ലിസ്റ്റിൽ നിന്നല്ലാതെ ഒരാളെയും സ്പോട്ട് അഡ്മിഷനു പരിഗണിച്ചിട്ടി ല്ലെന്നും ഒരു സീനിയർ കോളേജിൽ അഡ്മിഷന്റെ അവസാന ദിവസങ്ങ ളിൽ കോളേജിൽ അഡ്മിഷനുമായി ബന്ധപ്പെട്ട രേഖകൾ മറ്റൊരാളിന് പരി ശോധനയ്ക്ക് കൈമാറിയാൽ അഡ്മിഷൻ പ്രോസ്സസിനെ ബാധിക്കുന്നതും കൂടാതെ അഡ്മിഷൻ സംബന്ധിച്ച എല്ലാ കാര്യങ്ങളും യൂണിവേഴ്സിറ്റി യുടെ നിയന്ത്രണത്തിലുള്ളതും ഇതു സംബന്ധിച്ച പരാതി ഹർജിക്കാരൻ യൂണിവേഴ്സിറ്റിക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.യൂണിവേഴ്സിറ്റി രജിസ്ട്രാർ മുമ്പാകെ അഡ്മിഷൻ സംബന്ധിച്ച എല്ലാ രേഖകളും പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ മിനിറ്റ്സ് ഇതു സഹിതം ഹാജരാക്കിയിട്ടുണ്ടെന്നുമാണ്. ഹർജിക്കാരന്റെ ആരോപണം വ്യാജമാണെന്ന് യൂണിവേഴ്സിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതും കൂടാതെ ടിയാൻ അനധികൃതമായി അഡ്മിഷൻ തരപ്പെടുത്താൻ കഴിയാത്ത നിരാശയിൽ കഴിഞ്ഞ കുറെ മാസങ്ങളായി വിവരാവകാശ നിയമപ്രകാര മുള്ള അപേക്ഷകൾ നിരന്തരം സമർപ്പിച്ചു വരുന്നതും അതിനെല്ലാം മറുപടി നൽകിയിട്ടുള്ളതുമാണ്. 15 വർഷങ്ങൾ വരെയുള്ള അഡ്മിഷന്റെ വിവരങ്ങ ളാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ടിയാന്റെ അപേക്ഷകൾക്ക് മറുപടി നൽകാൻ മാത്രം ഒരാളിന്റെ സേവനം മാറ്റിവയ്ക്കേണ്ട ഗതികേടിലാ ണെന്നും ഹർജിക്കാരൻ ടി കോളേജിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും അതിന് നൽകിയിട്ടുള്ള മറുപടികളും ടി റിപ്പോർട്ടിനോടൊപ്പം ഹാജരാക്കു

ന്നുവെന്നും കുടാതെ ടിയാൻ പോലീസ് സ്റ്റേഷനിലും ടി കോളേജിനെതിരെ കേസ് ഫയൽ ചെയ്തിട്ടുള്ളതും വ്യാജമാണെന്ന് കണ്ടെത്തി തള്ളിയിട്ടുള്ള താണെന്നും വിവരാവകാശ നിയമത്തെ ടിയാൻ ദുരുപയോഗം ചെയ്യുന്നു വെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയ ബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ചില രേഖകൾ പരിശോധിക്കുവാൻ സമയം അനുവദിക്കണമെന്നാണ് ആവശ്യ പ്പെട്ടിരുന്നതെന്നും സ്പോട്ട് അഡ്മിഷനുമുമ്പ് എത്ര ഒഴിവുണ്ടെന്ന് മനസ്സി ലാക്കാനായിരുന്നുവെന്നും എന്നാൽ 48 മണിക്കൂറിനുള്ളിൽ സമയം അനു വദിച്ചില്ലെന്നു മാത്രമല്ല 30 ദിവസത്തിനുള്ളിൽ പോലും പ്രസ്തുത രേഖകൾ പരിശോധിക്കുവാൻ അനുവദിച്ചില്ലെന്നാണ്. കൂടാതെ തുടർന്ന് സമർപ്പിച്ച അപ്പീൽ ഹർജിക്ക് മറുപടി ലഭിച്ചിട്ടില്ലെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. എന്നാൽ ഹർജിക്കാരന്റെ അപേ ക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും 15 വർഷങ്ങൾക്കു മുമ്പ് വരെയുള്ള അഡ്മിഷൻ വിവരങ്ങൾ ടിയാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് ഒന്നാം എതിർകക്ഷി റിപ്പോർട്ടു ചെയ്തിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖ കളും പരിശോധിച്ചതിൽ, ഹർജിക്കാരന് 03.09.2014ൽ നൽകിയിരിക്കുന്ന മറുപടിയിൽ രേഖകൾ പരിശോധിക്കാൻ അനുവദിക്കാതിരുന്നതിന് വിവരാ വകാശ നിയമത്തിലെ വകുപ്പ് 8ലോ 9ലോ പ്രതിപാദിക്കുന്ന കാരണങ്ങൾ പ്രകാരവുമല്ല. ആയതിനാൽ ഇത്തരത്തിൽ നിയമവിരുദ്ധമായ മറുപടി നൽകിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം നടപടി സ്വീകരിക്കുന്നതിന് കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാ നുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പി ക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെ തിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കു

ന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

കൂടാതെ അപ്പീൽഅധികാരി ഹർജിക്കാരന്റെ അപ്പീൽ ഹർജി തീർപ്പാക്കിയിട്ടില്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് അപ്പീൽ അധികാരി കമ്മീഷനിൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 14-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)